# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26

## ഗവ എൽ പി സ്കൂൾ പുതിയകാവ്

# ② സ്കൂൾ ചരിത്രം

1910-ൽ ആണ് ഈ സ്കൂൾ പ്രവർത്തനം തുടങ്ങിയിട്ടുള്ളതെന്ന് രേഖകൾ വ്യക്തമാക്കുന്നു. പുരാതനമായ രണ്ട് ആരാധനാലയങ്ങളായ പുതിയകാവ് ദേവി ക്ഷേത്രത്തിന്റെയും, സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയുടെയും സമീപത്തായി നിലകൊള്ളുന്ന ഈ വിദ്യാലയം ആദ്യം മതപരമായ പ്രവർത്തനങ്ങൾക്കായി നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു. പിന്നീട് സാമൂഹ്യ സ്നേഹികളായ ചിലരുടെ പ്രവർത്തന ഫലമായി വിദ്യാലയം തുടങ്ങി. വലിയവീട്ടിൽ കിളിയാച്ചൻ എന്ന വ്യക്തി ഇതിൽ പ്രധാന പങ്കു വഹിച്ചിരുന്നതായി സ്കൂളിലെ സന്ദർശന ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യകാലഘട്ടത്തിൽ സമീപപ്രദേശങ്ങളിലെ എല്ലാ കുട്ടികളും ഇവിടെയായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ചെയ്തിരുന്നത്. മഹാരാഷ്ട്ര ഗവർണറായി സേവനം ചെയ്ത് ഓർമ്മയായി മാറിയ ഡോ. പി.സി. അലക്സാണ്ടർ, കേന്ദ്രമന്ത്രിയായിരുന്ന് നാടിനെ സേവിച്ച് മൺമറഞ്ഞ ശ്രീ. സി. എം. സ്റ്റീഫൻ എന്നിവർ ആദ്യകാല വിദ്യാർത്ഥികളായിരുന്നുവെന്നത് അഭിമാനപൂർവം പറയാവുന്നതാണ്. തുടർന്നും സമൂഹത്തിന് ഉപകാരപ്രദങ്ങളായ സേവനം ചെയ്തുവരുന്ന പല വ്യക്തികളെയും സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

15 വർഷങ്ങളായി ഇവിടുത്തെ കുട്ടികളുടെ എണ്ണം കുറഞ്ഞുവന്നു. സമീപ പ്രദേശങ്ങളിലായി 6 അൺ-എയ്ഡഡ് സ്കൂളുകളും, 5 എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. ഗവ. സ്കൂളായി ഇതുമാത്രമാണ് ഉള്ളത്.

## ③ സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

* കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ കെട്ടിടം ഉണ്ടാവണം.
* ഉയർന്ന തരത്തിലുള്ള ആരോഗ്യ-ശുചിത്വ-സുരക്ഷാ സംവിധാനങ്ങൾ വേണം.
* കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി വളർത്തുന്നതിന് വിദഗ്ദരുടെ സേവനം ഉറപ്പാക്കണം.
* വൈകാരികവും, വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും, വികാസവും സാധ്യമാകുന്നതിന് പ്രവൃത്തിപരിചയ പരിശീലനം സാധ്യമാക്കണം.
* കുട്ടിയുടെ ആരോഗ്യ-കായിക വികസന ഘടകങ്ങളെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുകയും, ആരോഗ്യകരമായ ജീവിതശീലങ്ങളും, മനോഭാവങ്ങളും വളർത്തുകയും ചെയ്യേണ്ടതിന് ആരോഗ്യകായിക വിദ്യാഭ്യാസം നൽകണം.
* ഫലപ്രദമായ മാലിന്യനിർമാർജ്ജന സംവിധാനം നടപ്പിൽ വരണം.
* ശിശുസൗഹൃദപരമായ സ്കൂളന്തരീക്ഷം ഉറപ്പാക്കണം.
* അന്താരാഷ്ട്ര ഗുണനിലവാരത്തിലുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയ്ക്കും ലഭിക്കുന്നതിന് I.C.T സാധ്യതകൾ ലഭ്യമാക്കണം.
* സാമൂഹ്യ ശുചിത്വത്തിൽ ഓരോരുത്തർക്കും പങ്കുണ്ടെന്ന ചിന്ത ഉടലെടുക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കണം.
* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയും സഹായവും ഉണ്ടാകണം.

4 ക്ലാസ്മുറിയും, ഓഫീസും ചേർന്ന് ഒറ്റകെട്ടിടമായി പ്രവർത്തിച്ചു വരുന്ന സ്കൂൾ കെട്ടിടമാണ് നിലവിലുള്ളത്. കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു അടുക്കളയും ടോയ്‌ലറ്റ്, യൂറിനൽ എന്നിവ കുട്ടികൾക്ക് ആനുപാതികമായുണ്ട്. MLA ഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭിച്ചിട്ടുണ്ട്. Kite ൽ നിന്നും ഒരു ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയും ലഭിച്ചിട്ടുണ്ട്. കൂടാതെ സൗജന്യമായി ഇന്റർനെറ്റ് സംവിധാനം ലഭിച്ചിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള മാതാപിതാക്കളുടെ കുട്ടികളാണ് കൂടുതലും ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. രക്ഷിതാക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും വരുത്താതെ യാത്രാ സൗകര്യവും, മറ്റു ചെലവുകളും അധ്യാപകരും, SMC അംഗങ്ങളും വഹിക്കുന്നു.

④ നിലവിലെ അവസ്ഥാ വിശകലനം

മാവേലിക്കര ഉപജില്ലയിൽ മിച്ചൽ ജംഗ്ഷന് കിഴക്കായി പുതിയകാവ് ദേവീക്ഷേത്രത്തിന് വലത് ഭാഗത്തായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. മാവേലിക്കര നഗരസഭയിൽ 9-ാം വാർഡിൽ ഉൾപ്പെടുന്നു. ശ്രീ തോമസ് മാത്യു അവർകളാണ് ഇപ്പോഴത്തെ വാർഡ് കൗൺസിലർ. പോനകം, ഉമ്പർനാട്, കല്ലുമല, തഴക്കര മാവേലിക്കര എന്നീ പ്രദേശങ്ങളിലെ 8 സ്കൂളുകളുടെ ക്ലസ്റ്റർ സെന്ററായും ഇത് പ്രവർത്തിക്കുന്നു.

1 മുതൽ 4 വരെ ക്ലാസ്സുകളിലായി 14 കുട്ടികൾ ഈ വർഷം പഠിക്കുന്നുണ്ട്. SMCയുടെ നേതൃത്വത്തിൽ പ്രീപ്രൈമറി ക്ലാസും നടത്തുന്നുണ്ട്. പ്രീപ്രൈമറിയിൽ ഈ വർഷം 4 കുട്ടികളാണ് പഠിക്കുന്നത്. പ്രഥമാധ്യാപിക ശ്രീമതി അജിത R. അധ്യാപകർ ശ്രീമതി K G സുലേഖ, ശ്രീമതി ഷീനു V ചാക്കോ, ശ്രീമതി ഷമീറ.V.K. PTCM ശ്രീമതി വിജയമ്മ തുടങ്ങിയവർ സർക്കാർ ജീവനക്കാരായി പ്രവർത്തിക്കുന്നു. പാചക തൊഴിലാളിയായി അന്നമ്മ തങ്കച്ചനും പ്രീപ്രൈമറി അധ്യാപികയായി ശ്രീമതി ഷിജിമോൾ മാത്തനും താൽക്കാലികമായി നിയമിതരായിരിക്കുന്നു.

## (5) മികവിനായി ഏറ്റെടുത്തിട്ടുള്ള കാര്യങ്ങൾ

* മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നു.
* ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ഉറപ്പിക്കുന്നു.
* ICT പഠനം സാധ്യമാകുന്നു.
* മാലിന്യ നിർമാർജ്ജനത്തിലൂടെ പരിസര ശുചിത്വം ഉറപ്പാക്കുന്നു.
* പ്രീ-പ്രൈമറി പഠനം SMC- നേതൃത്വത്തിൽ നടത്തുന്നു.
* ബാലസഭ, ആരോഗ്യ ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ വിവിധങ്ങളായ കഴിവുകൾക്ക് പ്രാപ്തരാക്കുന്നു.
* മികച്ച ഉച്ചഭക്ഷണം സാധ്യമാക്കുന്നു.
* SRG, SMC എന്നിവ കാര്യക്ഷമമാക്കുന്നു.
* രക്ഷിതാക്കളുമായി നല്ല ബന്ധം പുലർത്തുന്നു.
* വായനയെ പരിപോഷിപ്പിക്കുന്നു.
* പിന്നോക്കക്കാരായ കുട്ടികളെ പ്രത്യേക ശ്രദ്ധിച്ച് മെച്ചപ്പെടുത്തുന്നു.
* ശിശു സൗഹൃദ നിലപാട് എല്ലായിടത്തും സ്വീകരിക്കുന്നു.
* എല്ലാ വിഭാഗം കുട്ടികൾക്കും തുല്യ പരിഗണന നൽകുന്നു.
* കുട്ടികൾക്ക് ആഹ്ലാദകരമായ അന്തരീക്ഷത്തിൽ ബോധനം നടത്തുന്നു.

* കുട്ടികളുടെ സർവതോന്മുഖമായ വികാ-
സത്തിനാവശ്യമായ പ്രവൃത്തി നിർവഹണത്തിന്
സജ്ജമായ മനസിനുടമകളായി സ്കൂളധി-
കൃതരും, ജീവനക്കാരും, SMC, SSG,
LSG സംവിധാനങ്ങളും മാറണം.

* ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്
പ്രത്യേക പ്രവർത്തന പദ്ധതി നടപ്പിലാക്കണം.

* ഓരോ കുട്ടിയും നല്ല ജീവിത മൂല്യങ്ങൾ നേ-
ടിയ കുട്ടികളായി സ്കൂൾ വിടണം.

* സാമൂഹികവും, സാമ്പത്തികവുമായി പുറന്ത-
ള്ളപ്പെട്ടവരുടെ കുട്ടികൾക്കും, ശാരീരികവും,
മാനസികവുമായ വെല്ലുവിളി നേരിടുന്ന
കുട്ടികൾക്കും, മറ്റുള്ള കുട്ടികൾക്കൊപ്പം പരിഗ-
ണനയും, സഹായവും നൽകി നീതിപൂർവക
മായ ഗുണമേന്മാ വിദ്യാഭ്യാസം നൽകണം.

* ലഹരി വിമുക്തമായ തലമുറയ്ക്ക് സഹായ
മായ ചിന്തകൾ കുട്ടികളിൽ ഉണ്ടാകണം.

* നാടിന്റെ സ്വന്തമാണ് അവിടുത്തെ പൊതു
വിദ്യാലയം എന്ന ചിന്ത നാട്ടുകാർക്കിടയിൽ
ഉണ്ടാകണം.

* ഉച്ചഭാഷിണി സൗകര്യം (box) ഉപയോഗിച്ച് കുട്ടികളുടെ സർഗവാസനകൾക്ക് പ്രചോദനം നൽകുന്നു.
* അസംബ്ലി പ്രവർത്തനങ്ങളും, ദേശീയഗാനവും മൈക്രോഫോണിലൂടെ നടത്തുന്നു.

⑥ പ്രശ്നങ്ങൾ, വെല്ലുവിളികൾ.

* പഴക്കമുള്ള കെട്ടിടവും കുട്ടികൾക്ക് കളിക്കുന്നതിനുള്ള സ്ഥലമില്ലായ്മയും രക്ഷിതാക്കളെ അതൃപ്തരാക്കുന്നു.

* 3½ വയസിൽ തന്നെ കുട്ടികളെ അടിസ്ഥാന കാര്യങ്ങൾ പഠിപ്പിക്കാൻ വിടാനാഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് ഇതുപോലെയുള്ള സ്കൂളുകളിൽ ഗവ. അംഗീകൃത പ്രീ-പ്രൈമറി സൗകര്യം ഇല്ലാത്തതിനാൽ സമീപമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലേക്ക് കുട്ടികൾ എത്തപ്പെടുകയും അവിടെ തുടരാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. അതിനാൽ 5-6 വയസുകാരെ ഒന്നാം ക്ലാസിലേക്ക് പ്രവേശിപ്പിക്കാൻ കഴിയുന്നില്ല.

* ഇന്റർനെറ്റ് സംവിധാനം സ്കൂളിന് സൗജന്യമായി ലഭിച്ചിട്ടുണ്ടെങ്കിലും, ക്ലാസ്മുറികളിൽ ICT പഠനത്തിലൂടെ ആശയങ്ങളുമായി അറിവു നേടുന്നതിന് എല്ലാ ക്ലാസിലും ലാപ്ടോപ്പ് ആവശ്യമാണ്.

* മാലിന്യനിർമാർജ്ജനത്തിനുള്ള മാർഗങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്.

* പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളുടെ വിവിധ കഴിവുകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകർക്ക് മാർഗരേഖ ഇല്ല.

* സ്വതന്ത്രമായ ഭാഷാപ്രകടനത്തിലും, ഗണിത-

ശേഷികളിലും, ഇംഗ്ലീഷ് പ്രാവീണ്യം നേടുന്നതിലും, ശാസ്ത്രാഭിരുചി, വളർത്തുന്നതിലും, കൃഷിയിൽ തത്പരരാകുന്നതിലും, നല്ല മൂല്യങ്ങൾ നേടുന്നതിലും, വായനാ ശീലം വളർത്തുന്നതിലും, സാമൂഹ്യ ജീവിതത്തിൽ മാന്യമായി പെരുമാറുന്നതിലും കുട്ടികൾക്ക് പ്രചോദനകരമായ പ്രവർത്തനങ്ങൾ രൂപപ്പെടേണ്ടതുണ്ട്. ഇവ വഴി അക്കാദമികമായ മെച്ചപ്പെടലിന് പദ്ധതി തയാറാക്കി വിദ്യാലയത്തെ മെച്ചപ്പെടുത്തി സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കേണ്ടതുണ്ട്.

* പൊതു വിദ്യാലയത്തിന്റെ വില സാമ്പത്തികമായി! നാളെ നാട്ടിലുള്ളവർ പോലും മനസിലാക്കുന്നില്ല.

(7) പദ്ധതി രൂപീകരണ പ്രക്രിയ.

നമ്മുടെ സ്കൂളിലെ കുട്ടികളുടെ അക്കാദമിക നിലവാരത്തിനനുസൃതമായ ഒരു മാസ്റ്റർ പ്ലാൻ വേണം തയ്യാറാക്കേണ്ടതെന്ന് 2025 മെയ് മാസം കൂടിയ SRG യിൽ തീരുമാനമെടുക്കുകയും SMC യിൽ അത് വിശദമാക്കുകയും ചെയ്തു. കുട്ടികളുടെ സാമ്പത്തിക - ഭൗതിക ചുറ്റുപാടുകൾ തീരെ പരിതാപകരമാണെന്നും കുട്ടികളെ പഠനത്തിൽ സഹായിക്കാൻ കഴിയുന്ന രക്ഷിതാക്കൾ തീരെ കുറവാണെന്നും അധ്യാപകർ മാത്രമാണ് കുട്ടികളെ പഠനത്തിൽ സഹായകമായ കണ്ണികൾ ആകേണ്ടതെന്നും അതിനനുയോജ്യമായ പ്രവർത്തനങ്ങളാണ് തയ്യാറാക്കേണ്ടതെന്നും യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു.

തുടർന്ന് മെയ് മാസത്തിൽ നടന്ന അവധിക്കാല അധ്യാപക സംഗമത്തിൽ വച്ച് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളും പ്രവർത്തനങ്ങളും നടക്കുകയുണ്ടായി. അങ്ങനെ മെയ് അവസാന

ആഴ്ചയിൽ കൂടിയ SRG യിൽ പ്രവർത്തനങ്ങൾ തയ്യാറാക്കുകയും മെയ് 27ാം തീയതി നടന്ന SMC യിൽ വായിച്ചവതരിപ്പിക്കുകയും ചെയ്തു. അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് എല്ലാ കുട്ടികളെയും വായിക്കുവാനും തെറ്റില്ലാതെ എഴുതാനും പ്രാപ്തരാക്കുക. എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തനങ്ങൾ ഇനി മുതൽ നടത്തുവാൻ തീരുമാനിച്ചു.

കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

03-06-2025 മുതൽ 13-06-2025 വരെ

സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ.

1. പൊതുവിവരങ്ങൾ (03-06-2025)

കൂട്ടുകാരെ പരിചയപ്പെടൽ, അവധിക്കാല വിശേഷങ്ങൾ പങ്കുവയ്ക്കൽ, സ്കൂളിനെ അറിയുക.

2. റോഡിലൂടെയുള്ള സഞ്ചാരം, റെയിൽ മാർഗ്ഗമുപയോഗിക്കുമ്പോൾ ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. (04-06-2025)

3. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവത്കരണം (05-06-2025)

* ശുചിത്വവുമായി ബന്ധപ്പെട്ട സർവേ

4. പൊതു ആരോഗ്യം (09-06-2025)

* പോഷണം, ശുചിത്വം, വ്യായാമം, ആരോഗ്യ മര്യാദകൾ. തുടങ്ങിയവയുമായി ബന്ധപ്പെട്ടത്

5. ഡിജിറ്റൽ അച്ചടക്കം (10-06-2025)

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും സാമൂഹികവുമായ അപകടങ്ങൾ.

6. പൊതുമുതൽ സംരക്ഷണം (11-06-2025)

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യക-തകളും അനിവാര്യമാണെന്ന് കുട്ടികളെ ബോധ്യപ്പെ-ടുത്തുവാൻ വേണ്ടി.

7. ചരിത്ര സ്മാരകത്തിന്റെ പ്രാധാന്യം. (12-06-25)

ചരിത്രസ്മാരകത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ ജീവിത സാഹചര്യങ്ങൾ, കല, സിനിമ ആദിവ സമ്പാദിച്ചി-ക്കുക.

8. പൊതു ശൗചാലയം.

—